**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 117** — **03-02-2026 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ഭക്ഷണ വിതരണ തൊഴിലാളികളുടെ അവകാശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആര്യാടൻ ഷൗക്കത്ത്, ശ്രീ. ഐ. സി. ബാലകൃഷ്ണൻ , ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഓൺലൈൻ ഭക്ഷണ വിതരണം നടത്തുന്ന തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഓൺലൈൻ ഭക്ഷണ വിതരണം നടത്തുന്ന തൊഴിലാളികൾ ഉൾപ്പെടെയുള്ള പ്ലാറ്റ് ഫോം അധിഷ്ഠിത ഗിഗ് തൊഴിലാളികളുടെ തൊഴിൽ നിലവാരം, ക്ഷേമപ്രവർത്തനങ്ങൾ, സേവന വേതന വ്യവസ്ഥകൾ എന്നിവ ക്രമീകരിക്കുന്നതിനും പ്രാഥമിക തൊഴിലുടമകളുടെയും അഗ്രേഗേറ്റർമാരുടെയും ചുമതലകൾ ക്രമീകരിക്കുന്നതിനും പ്ലാറ്റ് ഫോം അധിഷ്ഠിത ഗിഗ് വർക്കേഴ്സിനായി ഒരു ക്ഷേമപദ്ധതി രൂപീകരിക്കുന്നതിനുമായി നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. കൂടാതെ കേരള സംസ്ഥാനത്തെ ഓൺലൈൻ ഭക്ഷണ വിതരണം നടത്തുന്ന തൊഴിലാളികളുടെ തർക്കങ്ങൾ ഉണ്ടാകുന്ന പക്ഷം ജില്ലാലേബർ ഓഫീസർ തലത്തിലും കമ്മീഷണർ തലത്തിലും ചർച്ചകൾ വിളിച്ച് ചേർത്ത് പ്രശ്ന പരിഹാരം നടത്താറുള്ളതാണ്. |
| (ബി) | ഈ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ലഭിക്കുന്ന വേതനം അപര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഓൺലൈൻ ഡെലിവറി സർവ്വീസ് മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് ലഭിക്കുന്ന വേതനം അപര്യാപ്തമാണെന്ന് അന്വേഷണത്തിൽ വിലയിരുത്തപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | ഓൺലൈൻ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായും തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായും സംസ്ഥാനത്തെ ഓൺലൈൻ ഡെലിവറി (ഫുഡ്/മറ്റ് ഉല്പന്നങ്ങൾ)/ സർവീസ് മേഖലകളിൽ ജോലി ചെയ്തു വരുന്ന തൊഴിലാളികളെ 08/10/2025 തീയതിയിലെ ഇ1/01/2023/തൊഴിൽ പ്രകാരം 1948-ലെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തി സർക്കാർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | | | ഓൺലൈൻ ഭക്ഷണ വിതരണം നടത്തുന്ന തൊഴിലാളികൾ ഉൾപ്പെടെയുള്ള പ്ലാറ്റ് ഫോം അധിഷ്ഠിത ഗിഗ് തൊഴിലാളികളുടെ തൊഴിൽ നിലവാരം, ക്ഷേമപ്രവർത്തനങ്ങൾ, സേവന വേതന വ്യവസ്ഥകൾ എന്നിവ ക്രമീകരിക്കുന്നതിനും പ്രാഥമിക തൊഴിലുടമകളുടെയും അഗ്രഗേറ്റർമാരുടെയും ചുമതലകൾ ക്രമീകരിക്കുന്നതിനും പ്ലാറ്റ് ഫോം അധിഷ്ഠിത ഗിഗ് വർക്കേഴ്സിനായി ഒരു ക്ഷേമപദ്ധതി രൂപീകരിക്കുന്നതിനുമായി നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. 27.07.2024-ലെ സ.ഉ(സാധാ) നം. 802/2024/ തൊഴിൽ പ്രകാരം സംസ്ഥാനത്തെ Online food delivery മേഖലയിലെ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിച്ച് മേഖലയിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച പൊതുമാനദണ്ഡം രൂപീകരിക്കുന്നതിനായി ലേബർ കമ്മീഷണർ ചെയർമാനായും അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ) കൺവീനറായും ഈ മേഖലയിലെ വിദഗ്ധർ, മാനേജ്മെന്റ്/ട്രേഡ് യൂണിയൻ പ്രതിനിധികൾ അംഗങ്ങളായും ഒരു ടെക്നിക്കൽ കമ്മറ്റി രൂപീകരിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ